സാഹിത്യ പ്രത്യയശാസ്ത്രത്തെ രൂപീകരിക്കുന്നതിലും മലയാളിയുടെ സാംസ്കാരിക സ്വത്വത്തെ നിർണയിക്കുന്നതിലും സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ജനകീയ മുന്നേറ്റങ്ങൾക്കും സവിശേഷമായ പങ്കുണ്ടായിരുന്നുവെന്നും എന്നാൽ ഈ സ്വാധീനത്തെ ഏകപക്ഷീയമായ നിർണയവാദങ്ങളിൽ (determinist arguments) ഒതുക്കാനാവില്ലെന്നുമുള്ള പൂർവ്വകൽപ്പനയിൽ നിന്നു കൊണ്ട് മലയാള സാഹിത്യത്തിലെ ഇടതുപക്ഷ തീവ്രവാദ കാലഘട്ടത്തെ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള പരിശ്രമമാണ് ഈ പ്രബന്ധം.

അറുപതുകളിലാണ് മലയാള സാഹിത്യത്തിൽ ആധുനികതാ പ്രസ്ഥാനം പ്രബലമാകുന്നത്. മലയാള സാഹിത്യത്തിൽ രൂപപരമായും ഉള്ളടക്കപരമായും ഭാവുകത്വ പരിണാമത്തിന് കാരണമായ പ്രധാന ഘടകങ്ങളിലൊന്ന് ആധുനികത എന്ന പ്രസ്ഥാനമായിരുന്നു. ജ്ഞാനോദയ (Enlightenment) ത്തിനു ശേഷം പാശ്ചാത്യസമൂഹം വ്യാവസായിക വിപ്ലവത്തിന്റേയും കൊളോണിയൽ അധിനിവേശത്തിന്റേയും സഹായത്തോടെ വിപുലമായ സാങ്കേതിക പുരോഗതിയും, സാമൂഹിക വികസനവും കൈവരിക്കുകയുണ്ടായി. ആ ഭൗതിക പ്രത്യയശാസ്ത്രപരിസരത്തെയാണ് ആധുനികത പ്രതിനിധാനം ചെയ്യുന്നത്. പാശ്ചാത്യ ആധുനികതയുടെ കേന്ദ്രസ്ഥാനത്തുണ്ടായിരുന്ന അസ്തിത്വവാദം, ജീവിത നിഷേധം, വിഷാദാത്മകത, ആത്മരതി, പരീക്ഷണപരത എന്നിങ്ങനെ ഇറക്കുമതി ചെയ്യപ്പെട്ട ചേരുവകളായിരുന്നു ആധുനികതയുടെ പ്രത്യക്ഷ സാക്ഷ്യങ്ങളായിരുന്ന മലയാളത്തിലെ രചനകളുടെ മുഖ്യ അംശം. ആദ്യകാല ആധുനിക രചനകൾ എല്ലാം തന്നെ ആത്മനിഷ്ഠ കാൽപനിക പരിസരങ്ങളിൽ നിർമ്മിക്കപ്പെട്ടതായിരുന്നു. ജീവിത നിഷേധിയും വ്യക്തികേന്ദ്രീകൃതവുമായ ആധുനികതയുടെ ആരംഭഘട്ടത്തിൽ നിന്നുള്ള വിടുതലിനായുള്ള ശ്രമങ്ങൾ എഴുപതുകളിലാണ് ആരംഭിക്കുന്നത്. 'രാഷ്ട്രീയാധുനികത' എന്ന് പിന്നീട് നിരൂപകരാൽ വിളിക്കപ്പെട്ട ഈ ആധുനികതയുടെ സവിശേഷതകൾ പഠിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ നിർവഹിക്കുന്നത്.

വിയറ്റ്നാം യുദ്ധം, ലാറ്റിൻ അമേരിക്ക, തെക്കുകിഴക്കൻ ഏഷ്യ, ആഫ്രിക്ക, ശ്രീലങ്ക എന്നിവിടങ്ങളിൽ ഉണ്ടായ കലാപം, ഫ്രാൻസിലെ വസന്തവിപ്ലവം, ഹിപ്പിയിസം, ചൈനയിലെ സാംസ്കാരിക വിപ്ലവം എന്നിവയൊക്കെ സാർവ്വദേശീയമായ പ്രതിരോധപ്രവർത്തനങ്ങളുടെ മേഖലകളിൽ സജീവമായ ചർച്ചക്ക് വന്ന കാലഘട്ടമായിരു

ന്നു അറുപതുകളുടെ അവസാനം. ഗാന്ധിസത്തിന്റേയും നെഹ്റുവിസത്തിന്റേയും സ്വാധീനത്തിന് ശേഷം ഇന്ത്യയിൽ കേന്ദ്രീകൃതാധികാരത്തിലേക്കും ഒരു പരിധി വരെ സ്വേച്ഛാധിപത്യത്തിലേക്കും വഴിമാറിയ ദേശീയ ഭരണകൂടത്തെക്കുറിച്ചും ഇടതു വലതു ചേരികളിലേക്ക് മാറിയ വ്യവസ്ഥാപിത ഇടതുപക്ഷത്തെക്കുറിച്ചും സംശയാലുക്കളായ ഒരു കൂട്ടം ചെറുപ്പക്കാരിലാണ് വിമോചന പ്രത്യാശയുമായി ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനം രൂപം കൊള്ളുന്നത്.

1967–ൽ ബംഗാളിലെ നക്സൽബാരി എന്ന ഗ്രാമത്തിൽ ഭൂപ്രഭുക്കൾക്കെതിരെ നടത്തിയ സായുധ കലാപത്തോടെയാണ് മാർക്സിസ്റ്റ്–ലെനിനിസ്റ്റ്, മാവോയിസ്റ്റ് ധാര കളിൽ വിശ്വസിക്കുന്ന ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനം ഭാരതത്തിൽ ശക്തമാകു ന്നത്. ചാരു മജൂംദാർ, കനു സന്യാൽ, ജംഗാർ സന്താൾ എന്നിവരായിരുന്നു പ്രസ്തുത കലാപത്തിന് നേതൃത്വം നൽകിയത്. നക്സൽബാരി കലാപം അതേസ്വഭാവമുള്ള മറ്റ് കലാപപ്രവർത്തനങ്ങൾ ബംഗാളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും രൂപ പ്പെടാൻ പ്രചോദനമായി. ഗോപിബല്ലവപൂരിലും, ദേബ്രയിലും, ആന്ധ്രയിലെ ശ്രീകാ കുളത്തും, ബീഹാറിലെ മുഷാഹരിയിലും, പഞ്ചാബിലും, കേരളത്തിൽ പുതുപ്പള്ളി യിലും തിരുനെല്ലിയിലും ഒക്കെയായി ഒറ്റപ്പെട്ട കലാപശ്രമങ്ങൾ നടക്കുകയുണ്ടായി. ഭരണകൂടം കർശന നടപടികൾ കൈക്കൊണ്ടതുകൊണ്ടും, പ്രത്യയശാസ്ത്രപരമായ ആന്തരിക വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും മൂർച്ഛിച്ചതുകൊണ്ടും ഇടതുപക്ഷ തീവ്ര വാദ പ്രസ്ഥാനത്തിന് ഭാരതത്തിൽ ഒരു രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ സംസ്ഥാ പനം ചെയ്യുന്നതിന് കഴിഞ്ഞില്ല എങ്കിലും സാഹിത്യ സാംസ്കാരിക തലങ്ങളിൽ ഈ രാഷ്ട്രീയപ്രസ്ഥാനം ഏതാണ്ട് രണ്ട് ദശകത്തോളം സജീവ സാന്നിദ്ധ്യമായി നിലനി ന്നു. സാഹിത്യത്തിലും സാംസ്കാരിക മണ്ഡലത്തിലും ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാ നം കേരളത്തിലുണ്ടാക്കിയ സൂക്ഷ്മ വ്യതിയാനങ്ങളെ തിരിച്ചറിയാനും അപഗ്രഥിക്കാ നുമുള്ള ശ്രമമാണ് ഈ പഠനത്തിലൂടെ നിർവഹിക്കപ്പെടുന്നത്.

അറുപതുകളുടെ അവസാനം ഇന്ത്യയിൽ പലയിടത്തും രൂപം കൊണ്ട ഇടതു പക്ഷ തീവ്രവാദ പ്രസ്ഥാനം ഒരു രാഷ്ട്രീയപ്രസ്ഥാനമെന്നതിലുപരി സാഹിത്യസാം സ്കാരിക മേഖലകളിൽ സജീവമായ സംവാദങ്ങളും ചർച്ചകളും ഉണർത്തിയ ഒരു സാംസ്കാരിക പ്രസ്ഥാനം കൂടിയായിരുന്നു. ഈ രാഷ്ട്രീയ പ്രസ്ഥാനം കാൽപനി കതാ വിരുദ്ധമായി നിലകൊള്ളുന്നവരെങ്കിലും ആത്മാന്വേഷണത്തിലും അസ്തിത്വ

വാദത്തിലും സമൂഹനിരാസ പ്രത്യയശാസ്ത്രത്തിലും അഭിരമിച്ച ആധുനിക എഴുത്തുകാരിൽ സാമൂഹ്യോന്മുഖമായി ഒരു ചലനം സൃഷ്ടിച്ചു. വ്യക്തികേന്ദ്രീകൃതമായിരുന്ന ആധുനികതാ വാദത്തിൽ നിന്നും സാമൂഹികമായ ഉൽകണ്ഠകൾ കൂടി പങ്കുവെക്കുന്ന ഒരു രാഷ്ട്രീയാധുനികതയിലേക്ക് ഒരു മാറ്റം സാധ്യമായി.

നാലധ്യായങ്ങളിലായാണ് ഈ പ്രബന്ധം സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാം അധ്യായത്തിൽ ഈ കാലത്തെ രാഷ്ട്രീയ ചലനങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കുകയും ഈ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ ഇടതു പക്ഷ തീവ്രവാദവും മലയാള സാഹിത്യവും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളെ മൂല്യനിർണയം ചെയ്യാനുള്ള സൈദ്ധാന്തികോപകരണങ്ങളെ നിർധരിക്കുകയും ചെയ്യുന്നു. മലയാള കവിതയിൽ കെ.ജി.ശങ്കരപ്പിള്ളയുടെ ‘ബംഗാൾ’ ആണ് ഈ മാറ്റത്തിന് നാന്ദികുറിച്ച പ്രധാന കവിത. ‘ആനന്ദൻ’, ‘നിശബ്ദത’, ‘അയോദ്ധ്യ’, ‘മുണ്ട്’ തുടങ്ങിയ കവിതകളിലും തീവ്രവാദ രാഷ്ട്രീയത്തെ പ്രത്യാശയോടെ നോക്കിക്കാണുന്ന ആശയപരിസരങ്ങളാണ് പ്രവർത്തിക്കുന്നത്. സച്ചിദാനന്ദൻ, ആറ്റൂർ രവിവർമ്മ, കടമ്മനിട്ട രാമകൃഷ്ണൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ടി.പി.രാജീവൻ, എ.അയ്യപ്പൻ, സി.പി.വത്സൻ, ഉദയഭാനു, സനിൽ ദാസ്, സുബ്രഹ്മണ്യദാസ് തുടങ്ങിയ നിരവധി പേർ അറുപതുകളുടെ അവസാനം മുതൽ എൺപതുകൾ വരെ എഴുതിയ നിരവധി കവിതകളിൽ ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തിന്റേയും പ്രയോഗ സാധ്യതകളുടേയും നിരവധി ആശയ തലങ്ങൾ കടന്നുവരുന്നുണ്ട്.

അറുപതുകളിലേയും എഴുപതുകളിലേയും ചെറുകഥകളിൽ തീവ്രവാദ പ്രസ്ഥാനത്തിന്റെ രാഷ്ട്രീയം, അവ വ്യക്തിമനസ്സിലും, മദ്ധ്യവർഗ്ഗജീവിതത്തിലും ഉണ്ടാക്കിയ അന്ത:സംഘർഷങ്ങൾ എന്നീ വിഷയങ്ങൾ സജീവമായ പരിഗണനയിൽ വന്നിരുന്നു. പട്ടത്തുവിള കരുണാകരൻ, എം. സുകുമാരൻ, യു.പി.ജയരാജ്, പി.കെ.നാണു തുടങ്ങിയവർ എഴുതിയ ചെറുകഥകളുടെ വിശദമായ പഠനവും അപഗ്രഥനവും ഈ പ്രബന്ധത്തിൽ ഒരു അദ്ധ്യായത്തിൽ നിർവഹിക്കുന്നുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനത്തിന്റെ അനുരണനങ്ങൾ പ്രത്യക്ഷപ്പെട്ട പിൽക്കാല നോവലുകളിൽ (സി. രാധാകൃഷ്ണന്റെ മുൻപേ പറക്കുന്ന പക്ഷികൾ, ഇനിയൊരു നിറകൺചിരി, കരൾ പിളരും കാലം, പി.വത്സലയുടെ ആഗ്നേയം, എം.മുകുന്ദന്റെ ദൈവത്തിന്റെ വികൃതികൾ, എം.പി.നാരായണപിള്ളയുടെ പരിണാമം, ഇ.സന്തോഷ്കുമാറിന്റെ അന്ധ

കാരനഴി) ഈ രാഷ്ട്രീയപ്രസ്ഥാനത്തെ അടയാളപ്പെടുത്തിയിരിക്കുന്നതിന്റെ സാമാന്യമായ വിശകലനവും പ്രബന്ധത്തിൽ നിർവഹിച്ചിട്ടുണ്ട്.

ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനം നാടകത്തിലൂടെയും തെരുവുനാടകങ്ങളുടേയും ചൊൽക്കാഴ്ചകളുടെയും അവതരണത്തിലൂടെയുമാണ് കേരളത്തിൽ ആശയപ്രചരണം പ്രധാനമായും നടത്തിയിരുന്നത്. കെ.ജെ. ബേബിയുടെ 'നാടുഗദ്ദിക', രാമചന്ദ്രൻ മൊകേരിയുടെ 'സ്പാർട്ടക്കസ്', മധുമാസ്റ്ററുടെ 'അമ്മ', 'പടയണി' സച്ചിദാനന്ദന്റെ 'ശക്തൻ തമ്പുരാൻ' സിവിക് ചന്ദ്രന്റെ അക്ഷൗഹിണി തുടങ്ങിയ നാടകങ്ങളിലൂടേയും നിരവധി തെരുവുനാടകങ്ങളിലൂടേയും ഇടതുപക്ഷ തീവ്രവാദ പ്രസ്ഥാനവും അതിന്റെ സാംസ്കാരിക സംഘടനയുടെ പദവി വഹിച്ചിരുന്ന ജനകീയ സാംസ്കാരിക വേദിയും നടത്തിയിരുന്ന ആശയ പ്രചരണത്തിന്റെ വിശകലനം മറ്റൊരു അദ്ധ്യായത്തിൽ നിർവഹിക്കുന്നുണ്ട്.

സിനിമ, ചിത്രകല, ശിൽപകല, പോസ്റ്റർ എന്നിവയിൽ പ്രതിനിധാനം ചെയ്യപ്പെട്ട തീവ്രവാദ രാഷ്ട്രീയം, 'പ്രസ്ക്തി', 'പ്രേരണ', 'ഉത്തരം', 'വിചിന്തനം', 'ജ്വാല', 'സമീക്ഷ', 'യുഗരശ്മി', 'സുഹൃത്ത്', 'വാക്ക്', 'രസന' തുടങ്ങിയ നിരവധി ചെറുമാസികകളിലൂടെ എഴുപതുകളിൽ സാമ്പ്രദായിക സാഹിത്യ ഭാവുകത്വത്തിനെതിരെ നടത്തിയ കലാപം, 'ഹരിശ്രീ', 'പുതുപ്പിറവി' തുടങ്ങിയ കവിതാ കഥാ സമാഹാരങ്ങളുടെ സമാഹരണത്തിലും പഠനത്തിലും പ്രവർത്തിച്ച രാഷ്ട്രീയ ഭാവുകത്വത്തെക്കുറിച്ചുള്ള അപഗ്രഥനവും ഈ പഠനത്തിന്റെ ഭാഗമാണ്.

മലയാള സാഹിത്യത്തിലെ ആധുനികതാവാദം രണ്ടു ഘട്ടങ്ങളായി വേർതിരിക്കപ്പെട്ടിട്ടുള്ളതാണ്. അറുപതുകൾ മുതലുള്ള ഒരു ഘട്ടവും എഴുപതുകൾ മുതലുള്ള രണ്ടാം ഘട്ടവും. സൂക്ഷ്മമായ കാല വിഭജനം പ്രസ്ഥാന സ്വഭാവങ്ങളെ വേർതിരിക്കാനുപകരിക്കും. എന്നാൽ സാഹിത്യയാഥാർത്ഥ്യം മുഴുവൻ കാലഗണനകൾക്ക് ഉള്ളിലൊതുങ്ങണമെന്നില്ല. അതുകൊണ്ട് തന്നെ സാഹിത്യത്തിലെ കാല വിഭജനത്തിന് പഠനാന്വേഷണങ്ങൾക്കുള്ള ഒരു പ്രതലമെന്ന നിലയിൽ കവിഞ്ഞുള്ള പ്രാധാന്യമൊന്നുമില്ല. ഈ പ്രബന്ധത്തിലും പഠനാന്വേഷണങ്ങൾക്കുള്ള ആധാരമായി ദശകങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു കാലഗണന തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കാലഗണത്തെ കവിയുന്ന സൂക്ഷ്മ പ്രവണതകളുടെ യാഥാർത്ഥ്യനിഷ്ഠതയിലാണ് പ്രബന്ധം ഊന്നൽ നൽകുന്നത്.

മലയാളത്തിലെ ആധുനികതാ വാദത്തിന് ആധുനികതാ വാദമെന്നും രാഷ്ട്രീയാധുനികതാവാദമെന്നുമുള്ള രണ്ട് തരം തിരിവുകളുണ്ടെന്ന് മലയാളത്തിലെ ആധുനികതാ വാദ പ്രവണതകളെക്കുറിച്ച് പഠിച്ചിട്ടുള്ളവരെല്ലാം ഒരു പോലെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. തങ്ങളുടേത് 'രാഷ്ട്രീയാധുനികതയാ' ണെന്നുള്ള തരം വാദം എഴുപതുകളിലെ സാഹിത്യ പ്രവണതകളിൽ ഭാഗഭാക്കായവരിൽ നിന്നു തന്നെയാണ് ആദ്യം ഉണ്ടായിട്ടുള്ളത്. യൂറോപ്യൻ ആധുനികതയുടെ കലാ സമീപനങ്ങളെ പരിശോധിക്കുന്ന സന്ദർഭത്തിൽ റെയ്മണ്ട് വില്യംസ് സ്വീകരിക്കുന്ന സമീപനത്തിന് സമാനമായ രീതിയിലാണ് ഈ സ്വയം നിർവചനം രൂപപ്പെട്ടിട്ടുള്ളത്. യുറോപ്യൻ ആധുനികതാവാദത്തിലെ സൂക്ഷ്മ സ്വഭാവങ്ങൾ അതേപടി ഇവിടെ ബാധകമാക്കാനാവില്ല. സൂക്ഷ്മാർത്ഥത്തിൽ സാഹിത്യത്തിലെ ഓരോഗണത്തിലും (genre) വ്യത്യസ്തമായ രീതിയിലാണ് ആധുനികതാവാദം പ്രത്യക്ഷമായത്. പൊതുവായ ചില ലക്ഷണങ്ങൾ പ്രകടമാക്കുമ്പോൾ തന്നെ കവിതയും കഥയും നാടകവുമെല്ലാം വ്യത്യസ്തമായ സമീപനരീതികൾ സ്വീകരിക്കുന്നതായി ഈ പഠനത്തിൽ നിന്നു ബോധ്യമായിട്ടുണ്ട്. മലയാളത്തിലെ ആധുനികതാവാദ പ്രവണതകളെക്കുറിച്ച് പല കാലങ്ങളിലായി താഴെ പറയുന്ന തരത്തിലുള്ള ആശയങ്ങൾ രൂപപ്പെട്ടിട്ടുണ്ട്.

1. അറുപതുകളിൽ ആരംഭിച്ച ആധുനികതാവാദ പ്രവണതകൾ വരേണ്യ(eltist)വാദ സ്വഭാവമുള്ളതും സാമൂഹ്യാനുഭവങ്ങൾക്കും ചരിത്രത്തിനും എതിർനിൽക്കുന്നതുമായ ഒരു അന്തർമുഖ സാഹിത്യ വ്യവഹാരമായിരുന്നു.

2. ആധുനികതാവാദ സാഹിത്യത്തിന്റെ ലോകബോധത്തെ തിരിച്ചിടാൻ പിന്നീടുവന്ന രാഷ്ട്രീയ ചലനങ്ങൾക്കു സാധിച്ചുവെന്നും ഈ രാഷ്ട്രീയ ചലനങ്ങൾ ഒരു നവീന സാഹിതിയെ സൃഷ്ടിച്ചുവെന്നതുമായ വാദം. ഈ നവീനതയെ ആധുനികതാവാദത്തിന്റെ രാഷ്ട്രീയോന്മുഖ പരിണാമം അഥവാ രാഷ്ട്രീയാധുനികത എന്നാണ് നിരൂപകർ വിളിക്കുന്നത്.

3. സാഹിത്യത്തിലെ ഈ ഭാവുകത്വം വിധ്വംസകത്വമുൾകൊള്ളുന്നതായിരുന്നുവെന്നും പൗരസമൂഹത്തിന്റെ രാഷ്ട്രീയ യുക്തിയെയും സാംസ്കാരിക യുക്തിയെയും അതിനിശിതമായി വിമർശന വിധേയമാക്കി മാറ്റി പണിയുന്നതിനു ഈ ഭാവുകത്വത്തിന് കഴിഞ്ഞുവെന്നുമുള്ള വാദങ്ങൾ.

4. ആധുനികതാവാദവും തീവ്ര ഇടതുപക്ഷവും തമ്മിൽ നില നിന്നിരുന്ന ബന്ധ

ത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിത്തറ മധ്യവർഗ്ഗാസ്തിത്വമാണെന്നും മധ്യവർഗ ത്തിന്റെ രൂപീകരണ പരിണാമങ്ങളോട് ഇത് ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള വാദങ്ങൾ.

തീവ്ര ഇടതുപക്ഷ സാമൂഹിക പ്രസ്ഥാനങ്ങളുടെ പൊതു പശ്ചാത്തലത്തിൽ രൂപം കൊണ്ട സാഹിത്യത്തിലെ രാഷ്ട്രീയാധുനികതയെക്കുറിച്ച് പല ഘട്ടങ്ങളിലായി രൂപീകരിച്ചിട്ടുള്ള ഈ ആശയങ്ങളെ സൂക്ഷ്മമായി പ്രബന്ധത്തിൽ വിശകലനം ചെയ്യു ന്നുണ്ട്. സാഹിത്യത്തിന്റെ പുന:സംഘടനക്കാവശ്യമായ സാമൂഹിക ചലനങ്ങളും സാഹിത്യം വിഭാവനം ചെയ്ത സാമൂഹിക നിർമിതിയും ഈ രണ്ടു ദശകങ്ങളിലെ സംഭവങ്ങളിൽ സൂക്ഷ്മമായി അന്തർഭവിച്ചിട്ടുണ്ട്. സാഹിത്യത്തിലൂടെ വിഭാവിതമായ (Imagined) ഒരു സമൂഹമായി കേരളീയ സാംസ്ക്കാരിക പരിസരം മാറുന്നത് ഇക്കാ ലത്താണ്. ഈ കാലത്തെ സൂക്ഷ്മ പരിണതികളുടെ ബലങ്ങളും ദൗർബല്യങ്ങളും മലയാളിയുടെ പിൽക്കാല ജീവിതത്തെ നിർണയിച്ചിട്ടുണ്ട്.

സാമൂഹിക യാഥാർത്ഥ്യങ്ങളോടുള്ള അതി സൂക്ഷ്മമായ പരസ്പര പ്രവർത്ത നങ്ങൾ സാഹിത്യത്തിലെ ഓരോ ഗണത്തിലും വ്യത്യസ്തമായ അളവിലും തൂക്ക ത്തിലുമാണ് പ്രത്യക്ഷപ്പെടുന്നതെന്ന് ഈ പ്രബന്ധത്തിലെ കവിത, കഥ, (Fiction) നാടകം തുടങ്ങിയ ഗണങ്ങളുടെ വെവ്വേറെയെടുത്തുള്ള പരിശോധനയിൽ തെളിയു ന്നുണ്ട്. അവ താഴെ പറയുന്നു.

1. ആദ്യകാലാധുനികതയേയും പിൽക്കാലാധുനികതയേയും സത്താപരമായി വേർപെ ടുത്തി സ്ഥാനപ്പെടുത്തുവാൻ സാധ്യമല്ല.

2. ആധുനികതാ വാദത്തിന്റെ പൊതുയുക്തിക്കകത്തുള്ള രണ്ടു തരം പ്രകാശനങ്ങ ളായിരുന്നു ഈ കാലത്തെ കവിത.

3. ആദ്യകാലാധുനികത ആത്മനിഷ്ഠമെന്നും പിൽക്കാലത്തേത് വിപ്ലവാത്മകമെന്നു മുള്ള അവകാശങ്ങളെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ സാധുത കല്പിക്കാ നാവില്ല.

4. മുതലാളിത്ത ആധുനികതയുടെ വ്യക്തിസങ്കൽപ്പത്തിന് ഈ കാലയളവിലെ കവി തയിൽ മേൽക്കോയ്മയുണ്ട്.

5. രാഷ്ട്രീയ പ്രമേയങ്ങൾ വ്യാപകമായി കൈകാര്യം ചെയ്യപ്പെട്ടെങ്കിലും പൗരസ മൂഹം രൂപപ്പെടുത്തിയ സാഹിത്യ സ്ഥാപനത്തെ ദൃഢപ്പെടുത്തുക തന്നെയാണ് ഈ കാലത്തെ കവിതയും.

6. കാവ്യസ്ഥാപനത്തിൽ ഈ കാലത്തെ കവികൾക്കുള്ള സ്ഥാനത്തെ പിൽകാല കവിതകളാണ് ഉറപ്പിച്ചത്.

7. മുതലാളിത്ത പൗരസമൂഹത്തിന്റെ സ്വാംശീകരണ (Containment) പ്രക്രിയയ്ക്കു വിധേയമാണ് ഈ കാലത്തെ കാവ്യ ഭാഷണങ്ങൾ.

8. കവിതയും യാഥാർത്ഥ്യവും തമ്മിൽ യാന്ത്രികമായ വേർപ്പെടുത്തൽ സാധ്യമല്ല. അറുപതുകളിലെയും എഴുപതുകളിലെയും സാഹിത്യ പ്രസ്ഥാനങ്ങൾക്ക് മലയാളിയുടെ കർതൃത്വപരിണാമങ്ങളുമായി ഗാഢമായ ബന്ധമുണ്ട്. ചരിത്രം കാവ്യത്തെ നിർമ്മിക്കുന്നുവെന്ന പരമ്പരാഗത ആശയലോകത്തെ ആധാരമാക്കി ഈ പരിണാമത്തെ വിലയിരുത്താനാവില്ല.

ഈ നിഗമനങ്ങളിലേക്ക് എത്തിച്ചേരാൻ ഇടയാക്കിയ സൂക്ഷ്മാംശങ്ങളെ പ്രബന്ധം വിശദമായി പരിശോധിക്കുന്നുണ്ട്. കവിതയും കഥയും പങ്കു വെക്കുന്ന പൊതു വിശ്വാസ മണ്ഡലം ഇടതുപക്ഷ കാല്പനികതയുടേതാണെങ്കിലും രണ്ടും സൂക്ഷ്മാംശങ്ങളിൽ ഈ യഥാർത്ഥ്യങ്ങളെ രണ്ടുതരത്തിലാണ് ഉൾക്കൊള്ളുന്നത്. ആദ്യകാല ആധുനികതയിലെ കഥാലോകം അസ്തിത്വപരവും സാമൂഹിക നിഷേധപരവുമായിരുന്നെങ്കിൽ രാഷ്ട്രീയ ആധുനികതയുടെ കഥാമണ്ഡലം സാമൂഹിക പ്രശ്നങ്ങളിലാണ് ശ്രദ്ധവെക്കുന്നത്. കവിതയിൽ വിലയിരുത്തപ്പെട്ടിട്ടുള്ളത് പോലെ കഥയുടെ മണ്ഡലത്തിലും ഇവ തമ്മിൽ സത്താപരമായ വ്യത്യസ്തതയുണ്ടെന്ന് വാദിക്കാനാവില്ല. കവിതയിൽ അധികാരിയായ ഒരു കർതൃത്വത്തെ ആഖ്യാനത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഏകശിലാസ്വഭാവമുള്ള കാവ്യഭാഷണങ്ങളാണ് പ്രത്യക്ഷപ്പെട്ടത്. ഇതിൽ നിന്നു വ്യത്യസ്തമായി കഥയിൽ സൂക്ഷ്മവും അതേ സമയം ബഹുസ്വര (Polyphonic) സ്വഭാവമുള്ളതുമായ തുറന്ന ഒരു സംസ്കാരിക വിമർശനം രൂപപ്പെടുന്നുണ്ട്. ഇടതുപക്ഷ കാല്പനികതയിൽ ദൃഢമായി ഉറച്ചു നിൽക്കുമ്പോൾ തന്നെ പട്ടത്തുവിളയുടെ കഥകളിൽ കാണുന്ന ആത്മഹാസവും മധ്യവർഗ്ഗ ജീർണതയോടുള്ള വിമർശനവുമെല്ലാം ആഖ്യാനമണ്ഡലത്തെ രാഷ്ട്രീയവത്കരിക്കുന്നുണ്ട്. എം.സുകുമാരനും യു.പി ജയരാജും, പി.കെ നാണുവുമെല്ലാം പൊതുവായി പങ്കുവെക്കുന്ന പ്രമേയ തലങ്ങളെ വിശദമാക്കുമ്പോൾ തന്നെ ഇവരുടെ കഥകളിലെ വ്യതിരിക്ത സ്വഭാവങ്ങളെ വിശദീകരിക്കുകയും ചെയ്യുന്നുണ്ട്. സാഹിത്യത്തിന്റെ സർഗ്ഗാത്മകതയേയും സ്വത സിദ്ധത്തെയും പ്രതിനിധാനവിരുദ്ധമായ (Anti representationalism)

പുതിയ ചിന്തകളുടെ പശ്ചാത്തലത്തിൽ പ്രബന്ധം പരിശോധിക്കുന്നു.

എഴുപതുകളിലെ രാഷ്ട്രീയാധുനികതയുടെ പ്രകടനരൂപമായിരുന്നു, നാടകങ്ങൾ. 'അമ്മയും' 'സ്പാർട്ടക്കസും' 'നാടുഗദ്ദിക' യുമെല്ലാം ഉൾപ്പെടുന്ന അനേകം നാടകാവതരണങ്ങളെ ഒരു വൈരുദ്ധ്യാത്മക രംഗവേദിക്ക് വേണ്ടിയുള്ള അന്വേഷണമായി പ്രബന്ധം സ്ഥാനപ്പെടുത്തുന്നു. ഈ വൈരുദ്ധ്യാത്മക രംഗവേദിക്കു വേണ്ടിയുള്ള അന്വേഷണം എഴുപതുകളിലെ രാഷ്ട്രീയാദർശങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണ്. നാടകങ്ങൾക്ക് നവോത്ഥാനരാഷ്ട്രീയ ചരിത്രത്തിലുണ്ടായ സ്വാധീനത്തെ തിരിച്ചറിയുകയും അതിനു സമകാലികമായ രാഷ്ട്രീയ പ്രയോഗങ്ങളുടേതായ തുടർച്ചയുണ്ടാക്കുകയും ചെയ്യുക എന്ന പ്രക്രിയ എഴുപതുകളിൽ സംഭവിച്ചു. ലോക നാടക വേദിയിലെ രാഷ്ട്രീയ ചലനങ്ങളെ സ്വാംശീകരിച്ചു കൊണ്ടുനടക്കുന്ന നാടക പ്രവർത്തനങ്ങൾ കഥ കവിത തുടങ്ങിയ വ്യവസ്ഥാപിത സാഹിത്യരൂപങ്ങളെപ്പോലെ തന്നെ എഴുപതുകളിലെ രാഷ്ട്രീയാധുനികതയെ നിർണ്ണയിച്ചു എന്ന നിഗമനവും പ്രബന്ധം മുന്നോട്ടുവെക്കുന്നുണ്ട്.

സമകാലിക ചിന്തയിലെ പുതുചലനങ്ങൾ സാഹിത്യത്തെക്കുറിച്ചുള്ള പ്രതിനിധാനപരമായ ചിന്തകൾക്ക് അന്ത്യം കുറിച്ചിരിക്കുന്നു. സാഹിത്യത്തെ മുതലാളിത്ത പൗരസമൂഹത്തിന്റെ ലഘൂകരണ തന്ത്രങ്ങളിൽ നിന്നു മാറ്റി നിർത്താനുള്ള പരിശ്രമമായി ഇതു മാറുന്നുണ്ട്. "ഏതു സർഗ്ഗാത്മക രചനയും ഒരു വിധ്വംസകയന്ത്രമാണ്. വാക്കുകളും വസ്തുക്കളും തമ്മിൽ പ്രത്യക്ഷ ലോകത്തിൽ ഇടകലർന്നു നടത്തുന്ന പ്രവർത്തനങ്ങൾ പദാർത്ഥ വ്യാപകത്വമില്ലാത്ത (Extension) ഒരു പരോക്ഷഭൗതിക തലത്തിൽ നൂതനമായി ആവർത്തിക്കപ്പെടുന്നു" എന്ന് ദെലേസിന്റെ ചിന്തയെ പിന്തുടർന്നു കൊണ്ട് ബി.രാജീവൻ എഴുതുന്നുണ്ട്. എല്ലാ സർഗ്ഗാത്മക രചനയും വിധ്വംസകത്വത്തെ ഉള്ളിലേറ്റുന്നുണ്ട്. എന്നാൽ അതു നിർവ്വീര്യമാക്കപ്പെടുന്നതിന്റെ ഭൗതിക പ്രക്രിയയും വ്യാഖ്യാനചിന്തകളുടെ പ്രവർത്തനവും പരിശോധിക്കപ്പെടേണ്ടതുണ്ട്. മുതലാളിത്ത പൗരസമൂഹം നിർവീര്യമാക്കിയ രാഷ്ട്രീയാധുനികതയുടെ സാഹിത്യപാഠങ്ങളെ വിശദമാക്കുവാനുള്ള പരിശ്രമമാണ് ഈ പ്രബന്ധം. അതോടൊപ്പം അവ നിർവ്വഹിച്ച രാഷ്ട്രീയധർമ്മങ്ങളെക്കുറിച്ചുള്ള ഒരു വിലയിരുത്തലും പുനർവായനയും കൂടിയായിത്തീരുന്നു .